**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5315** **21-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പെൻഷൻ കുടിശ്ശിക ഇനി എത്ര മാസത്തേത് വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തേയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി തന്മൂലം ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തേയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം |

| | | | |
|---|---|---|---|
| | | | ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ